# കേരള സര്‍ക്കാര്‍
## ഇന്‍ഫര്‍മേഷന്‍ ആന്‍ഡ് പബ്ലിക് റിലേഷന്‍സ് വകുപ്പ്
### ജില്ലാ ഇന്‍ഫര്‍മേഷന്‍ ഓഫീസ്, തൃശൂര്‍

## പത്രക്കുറിപ്പ്
**2020 ഫെബ്രുവരി 24 തിങ്കള്‍**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

www.prd.kerala.gov.in.
videos: http://www.clipmail.kerala.gov.in
email: diothrissur@gmail.com

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാര്‍ട്ട് - 2

## വിവരാവകാശ കമ്മീഷന്‍ അദാലത്ത് നടത്തി

വിവരാവകാശ കമ്മീഷന്‍ അദാലത്ത് കളക്ടറേറ്റ് വിഡിയോ കോണ്‍ഫ്രന്‍സ് ഹാളില്‍ നടന്നു. വിവരാവകാശ കമ്മീഷണര്‍ പി ആര്‍ ലതികയുടെ അധ്യക്ഷത വഹിച്ചു. അപ്പീലും പരാതിയുമായി 10 കേസുകള്‍ പരിഗണിച്ചതില്‍ 9 എണ്ണം തീര്‍പ്പാക്കി. സാമൂഹ്യ സംരംഭക സഹകരണ സംഘം ഹാജരാകാത്തതിനാല്‍ കമ്മീഷന്‍ ആസ്ഥാനത്തേക്ക് വിളിച്ചു വരുത്തി നടപടി സ്വീകരിക്കാനും അദാലത്തില്‍ തീരുമാനമായി.

## കൊടുങ്ങല്ലൂര്‍ ഗവ ഹയര്‍ സെക്കന്ററി സ്കൂളിന് പി ഭാസ്കരന്റെ പേര് നല്‍കും

കൊടുങ്ങല്ലൂര്‍ നഗരസഭയുടെ കീഴിലുള്ള ഗവ.ഹയര്‍സെക്കന്ററി സ്കൂളിന് കവിയും ഗാനരചയിതാവുമായ പി ഭാസ്കരന്റെ പേര് നല്‍കാന്‍ തീരുമാനമായതായി ചെയര്‍മാന്‍ കെ ആര്‍ ജൈത്രന്‍. പൊതുവിദ്യാഭ്യാസ വകുപ്പില്‍ നിന്നുള്ള അനുമതി കൂടി ലഭിച്ചാല്‍ ഗവ ബോയ്സ് എച്ച് എസ് എസ് പി ഭാസ്കരന്‍ ഹയര്‍സെക്കന്ററി സ്കൂള്‍ എന്നറിയപ്പെടും. നഗരസഭ യോഗത്തിലാണ് തീരുമാനം. മലയാള സാഹിത്യത്തിനും ചലച്ചിത്ര രംഗത്തും അമൂല്യ സംഭാവനകള്‍ നല്‍കി കൊടുങ്ങല്ലൂരിന്റെ അഭിമാനമായ പി.ഭാസ്കരന്‍ പഠിച്ച സ്കൂളാണ് ഗവ. ഹയര്‍സെക്കന്ററി സ്കൂള്‍. വിദ്യാര്‍ത്ഥി യൂണിയനിലൂടെ രാഷ്ട്രീയ-സാമൂഹ്യ പ്രവര്‍ത്തനം അദ്ദേഹം തുടങ്ങിയത് ഈ സ്കൂളിലായിരുന്നു. അദ്ദേഹത്തിന് ജന്മനാട്ടില്‍ സ്മാരകം നിര്‍മ്മിക്കുന്നതിന് സര്‍ക്കാരുമായി ബന്ധപ്പെടുന്നതിനും സാംസ്കാരിക-സാമൂഹ്യ പ്രവര്‍ത്തകരെ യോജിപ്പിച്ച് പ്രവര്‍ത്തിപ്പിക്കുന്നതിനും നഗരസഭ മുന്‍കൈ എടുക്കുമെന്നും ചെയര്‍മാന്‍ അറിയിച്ചു. കവിയുടെ കുടുംബവും ബന്ധുക്കളും ഈ തീരുമാനമെടുത്ത കൗണ്‍സിലിനെയും നഗരസഭ ചെയര്‍മാനെയും അഭിനന്ദിക്കുകയും കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു.

## വയോധികയ്ക്ക് കയ്പമംഗലം ജനമൈത്രി പോലീസിന്റെ തണല്‍

ഓലക്കുടിലില്‍ അന്തിയുറങ്ങിയിരുന്ന വയോധികയ്ക്ക് കയ്പമംഗലം ജനമൈത്രി പോലീസിന്റെ നേതൃത്വത്തില്‍ വീട്. കൂരിക്കുഴി കമ്പനിക്കടവ് വടക്ക് ചക്കാമഠത്തില്‍ പരേതനായ അബ്ദുള്‍ റഹ്മാന്റെ ഭാര്യ ഫാത്തിമയ്ക്കാണ് വീട് ഒരുങ്ങുന്നത്. ജനമൈത്രി പോലീസിന്റെ കീഴില്‍

നിർമ്മിക്കുന്ന മൂന്നാമത്തെ വീടാണ് ഫാത്തിമയുടേത്. ജനമൈത്രി പോലീസിന്റെ വിവിധ പ്രവർത്തനങ്ങൾക്കിടയിലാണ് കമ്പനിക്കടവ് കടപ്പുറത്ത് താമസിക്കുന്ന ഫാത്തിമയുടെ വീട് എസ്.ഐ ജയേഷ് ബാലന്റെ ശ്രദ്ധയിൽപ്പെടുന്നത്. നാല് തൂണിൽ ഓലമേഞ്ഞ വീട്ടിൽ തനിച്ചാണ് ഫാത്തിമ താമസിച്ചിരുന്നത്. വിവരങ്ങൾ അന്വേഷിച്ചപ്പോഴാണ് വീട് വെക്കാൻ മറ്റു മാർഗങ്ങളില്ലെന്ന് അറിഞ്ഞത്. കടലിനോട് അടുത്ത് താമസിക്കുന്നതിനാൽ സർക്കാരിന്റെ ഭവന പദ്ധതികളിലും ഫാത്തിമയ്ക്ക് ഇടം നേടാനായില്ല. ഇത് മനസിലാക്കിയതോടെ ഫാത്തിമയ്ക്ക് വീടൊരുക്കാൻ പോലീസ് മുന്നിട്ടിറങ്ങുകയായിരുന്നു. ആസാ ഗ്രൂപ്പ് എംഡി സി പി സാലിഹിനെ വിവരമറിയിച്ചപ്പോൾ വീട് നിർമ്മാണം അവർ ഏറ്റെടുത്തു. 4 ലക്ഷം രൂപ ചിലവിട്ട് 390 ചതുരശ്ര അടിയിലാണ് വീട് നിർമ്മിക്കുന്നത്. ഏപ്രിൽ ആദ്യവാരത്തോടെ നിർമ്മാണം പൂർത്തിയാക്കി വീട് ഫാത്തിമയ്ക്ക് കൈമാറും.

സാമൂഹ്യ പ്രവർത്തകൻ നൗഷാദ് ആറ്റുപറമ്പത്ത്, എഎസ്ഐ കെ എസ് അബ്ദുൾ സലാം എന്നിവർ ചേർന്ന് വീടിന് തറക്കല്ലിട്ടു. പോലീസ് ഉദ്യോഗസ്ഥരായ ഗോപൻ, വിജയശ്രീ, സുരേന്ദ്രൻ, രാഹുൽ രാജ്, ജനമൈത്രി അംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## അസി. രജിസ്ട്രാർ/സെക്ഷൻ ഓഫീസർ ഒഴിവ്

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയിൽ നിലവിൽ ഒഴിവുള്ള അസിസ്റ്റന്റ് രജിസ്ട്രാർ/സെക്ഷൻ ഓഫീസർ തസ്തികകളിലേക്ക് കേരളത്തിലെ അംഗീകൃത സർവ്വകലാശാല/സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സമാന തസ്തികകളിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചു. പ്രതിമാസ സഞ്ചിത ശമ്പളം അസിസ്റ്റന്റ് രജിസ്ട്രാർ 30,000 രൂപ, സെക്ഷൻ ഓഫീസർ 28,000/ രൂപ. താല്പര്യമുള്ളവർ സർവ്വകലാശാല വെബ് സൈറ്റ് ആയ 'www.kuhs.ac.in' ലെ KUHS APPOINTMENTS എന്ന ലിങ്കിൽ നിന്നും ഡൗൺലോഡ് ചെയ്ത അപേക്ഷ പൂരിപ്പിച്ച് സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം രജിസ്ട്രാർ, കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല, മെഡിക്കൽ കോളേജ് പി. ഓ, മുളംകുന്നത്തുകാവ് 680 596 എന്ന വിലാസത്തിൽ ഫെബ്രുവരി 29 നകം നൽകണം.

## അന്യത്രസേവനം

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയിൽ നിലവിൽ ഒഴിവുള്ള സെക്ഷൻ ഓഫീസർ തസ്തികയിലേക്കും അസി. രജിസ്ട്രാർ തസ്തികയിലേക്കും അന്യത്ര സേവനവ്യവസ്ഥയിൽ നിയമിതരാകുവാൻ താല്പര്യമുള്ള സർവ്വകലാശാല/സെക്രട്ടേറിയറ്റ്/പിഎസ്സ്സി/ കെഎസ്സ്എഡി/മെഡിക്കൽ-ആയുഷ്-ഹോമിയോ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ് /അഡ്വക്കേറ്റ് ജനറൽ ഓഫീസ്/വിജിലൻസ് ട്രിബ്യുണൽ എന്നീ വകുപ്പുകളിൽ സമാന തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ഉദ്യോഗസ്ഥരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ഉചിത മാർഗേണ മാതൃ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രവും, കെ എസ്സ് ആർ റൂൾ 144 പ്രകാരമുള്ള പ്രഫോർമയും, ബയോ ഡാറ്റയും സഹിതം രജിസ്ട്രാർ, കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല, മെഡിക്കൽ കോളേജ് പി ഒ, മുളംകുന്നത്തുകാവ് 680 596 എന്ന വിലാസത്തിൽ മാർച്ച് 14 നകം നൽകണം.

## സിമുലേഷൻ അടിസ്ഥാനമാക്കിയുള്ള ദ്വിദിന പരിശീലന ശില്പശാല ആരംഭിച്ചു

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ സെന്റർ ഫോർ സ്റ്റഡീസ് ഇൻ മെഡിക്കൽ സിമുലേഷൻ വൈദ്യശാസ്ത്ര പഠനത്തിൽ സിമുലേഷൻ അടിസ്ഥാനമാക്കി നടത്തുന്ന ദ്വിദിന പരിശീലന ശില്പശാല വൈസ് ചാൻസലർ പ്രൊഫ. (ഡോ.) മോഹനൻ കുന്നുമ്മൽ ഉദ്ഘാടനം ചെയ്തു. വൈദ്യവിദ്യാഭ്യാസം നാഷണൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ വിഭാവനം ചെയ്യുന്ന മാതൃകയിൽ രൂപപ്പെടുത്തി മികവുറ്റതാക്കുന്നതിനു സഹായകമാകുന്നതാണ് ശില്പശാല. കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ നിന്ന് പ്രത്യേകം തിരഞ്ഞെടുത്ത

അദ്ധ്യാപകരാണ് ശില്പശാലയിൽ പങ്കെടുക്കുന്നത്. സർവ്വകലാശാല പുതുതായി സജ്ജീകരിച്ചിട്ടുള്ള സിമുലേഷൻ ആൻഡ് സ്കിൽ ട്രെയിനിങ് സെന്ററിൽ വിപുലമായ സിമുലേഷൻ പഠനപരിശീലന രീതികളാണ് ഇതിനായി ഒരുക്കിയിട്ടുള്ളത്. സർവ്വകലാശാല പ്രൊ വൈസ് ചാൻസലർ പ്രൊ. (ഡോ.) എ. നളിനാക്ഷൻ, രജിസ്ട്രാർ പ്രൊ. (ഡോ.) ഏ. കെ മനോജ് കുമാർ, അക്കാദമിക് ഡീൻ ഡോ. വി.വി. ഉണ്ണികൃഷ്ണൻ, മെഡിക്കൽ സിമുലേഷൻ സെന്റർ മേധാവി ഡോ. മേഴ്സി. പി. ജെ., പ്രോഗ്രാം കോർഡിനേറ്റർ ഡോ. രവീന്ദ്രൻ. സി. തുടങ്ങിയവർ ശില്പശാലക്കു ആശംസ നേർന്നു. തൃശൂർ ഗവണ്മെന്റ് മെഡിക്കൽ കോളേജിലെ ഡോ. മുരളി. സി.പി., ഡോ. സച്ചിൻ മേനോൻ, ഡോ. എലിസബത്ത് ജോസഫ്, ഡോ. ആശിഷ്. കെ., ഷീബ മാത്യു തുടങ്ങിയവരാണ് രണ്ടു ദിവസം നീണ്ടു നിൽക്കുന്ന ശില്പശാലക്കു നേതൃത്വം നൽകുന്നത്.